# KMSME വ്യവസായ യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വേണം

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിവിധ വകുപ്പുകളിൽ നിന്നും കിട്ടേണ്ട അനുമതികൾ വേഗത്തിലും എളുപ്പത്തിലും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് കേരള നിയമസഭയിൽ KMSME ബിൽ പാസാക്കിയത്. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട്, 2018 ന്റെ പരിഷ്കരിച്ച പതിപ്പാണ് ഈ ബിൽ. കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട് പ്രകാരം രൂപീകരിച്ച ജില്ലാ ബോർഡ് ആണ് ഈ ബിൽ പ്രകാരം നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. അപേക്ഷ സമർപ്പിച്ച് നോഡൽ ഏജസിയുടെ അംഗീകാരമായ രസീത് കൈപ്പറ്റി 3 വർഷത്തേയ്ക്ക് നിർണ്ണയിക്കാവുന്ന രീതിയിലുള്ള അംഗീകാരം ലഭിക്കുന്നു. ഈ കാലാവധി കഴിഞ്ഞ് 6 മാസത്തിനകം ആവശ്യമുള്ള അംഗീകാരങ്ങൾ നേടിയാൽ മതിയാകും എന്നാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

7 സംസ്ഥാന നിയമങ്ങളിൽ ഭേദഗതി വരുത്തി, പ്രസ്തുത നിയമപ്രകാരം ലഭിക്കേണ്ട അനുമതികൾ മുൻകൂറായി ലഭിക്കണമെന്ന നിബന്ധനയിലാണ് ഇളവ് വരുത്തിയിട്ടുള്ളത്. എന്നാൽ പരിസ്ഥിതി സംരകഷ്ണ നിയമങ്ങളായ Water Act, Air Act, Environment (Protection) Act എന്നിവ കേന്ദ്ര നിയമങ്ങൾ ആയതിനാൽ പ്രസ്തുത നിയമപ്രകാരം നേടേണ്ട അനുമതികൾക്ക് ഈ ബില്ലിൽ ഇളവ് നൽകിയിട്ടില്ല. KMSME ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ചട്ടങ്ങൾ 06/01/2020 തീയതിയിൽ നിലവിൽ വന്നിട്ടുണ്ട്.

Ease of doing business – ന്റെ ഭാഗമായി ഗ്രീൻ വിഭാഗത്തിൽപ്പെട്ട സൂക്ഷ്മചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കായി അപേക്ഷകൻ സമർപ്പിക്കുന്ന സത്യവാങ്മൂലം പ്രകാരം ദൂരപരിധി മാനദണ്ഡം പാലിക്കുന്ന പക്ഷം ബോർഡ് മുൻകൂർ പരിശോധനകൂടാതെ തന്നെ സ്ഥാപനാനുമതി നൽകുന്നുണ്ട്. കൂടാതെ 01/03/2017 മുതൽ സ്ഥാപനാനുമതി നിബന്ധനകൾ പാലിക്കുന്നു എന്നുള്ള self certification പ്രകാരം പ്രാരംഭ സ്ഥലപരിശോധന ഒഴിവാക്കിക്കൊണ്ട് പ്രവർത്തനാനുമതിയും നൽകുന്നുണ്ട്. സാക്ഷ്യപത്രത്തിന്റെ നിബന്ധനകൾ ലംഘിച്ചുവെന്ന് തുടർന്ന് നടത്തുന്ന പരിശോധനയിൽ ബോധ്യപ്പെട്ടാൽ പ്രവർത്തനാനുമതി പിൻവലിക്കുന്നതാണെന്ന നിബന്ധയോടെയാണ് അനുമതി നൽകുന്നത്.

കൂടാതെ അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുവാൻ 01/03/2017 മുതൽ 25 കോടിയിൽ താഴെയുള്ള ഓറഞ്ച് വിഭാഗത്തിലുള്ള വ്യവസായങ്ങൾക്ക് അനുമതി നൽകാൻ ജില്ലാ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. അപേക്ഷകളുടെ എണ്ണം വർദ്ധിച്ചു വന്ന സാഹചര്യത്തിൽ 04/07/2019 തീയതി മുതൽ ഗ്രീൻ & വൈറ്റ് കാറ്റഗറി വ്യവസായങ്ങൾക്ക് അനുമതി നൽകുവാൻ ജില്ലാ ഓഫീസ്, അസിസ്റ്റന്റ് എൻവയോൺമെന്റൽ എഞ്ചിനീയർക്ക് അധികാരം നൽകി വീണ്ടും ഉത്തരവായിട്ടുണ്ട്.

വ്യവസായ യൂണിറ്റുകളുടെ pollution index പ്രകാരം രാജ്യത്തൊട്ടാകെ ഏകീകൃതമായി കേന്ദ്ര ഗവൺമെന്റ് വ്യവസായങ്ങളെ തരംതിരിച്ചിട്ടുണ്ട്. അതിനനുസരിച്ചാണ് വ്യവസായങ്ങൾക്ക് ബോർഡ് ദൂരപരിധിയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും നിശ്ചയിച്ചിട്ടുള്ളത്.

ആകയാൽ കേന്ദ്ര നിയമങ്ങളുടെ പരിധിയിൽ വരുന്ന അനുമതികൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും യൂണിറ്റ് തുടങ്ങുന്നതിനു മുൻപുതന്നെ നേടേണ്ടതാണ്. KMSME ബിൽ പ്രകാരം 10 കോടിയിൽ താഴെയുള്ള റെഡ് വിഭാഗത്തിൽപ്പെടാത്ത വ്യവസായത്തിനായി ഒരു അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനമാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം കൽപിത യൂണിറ്റായി പ്രവർത്തിക്കാം എന്നാണ് ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത്. ബോർഡിൽ ലഭിക്കുന്ന പൂർണ്ണമായ അപേക്ഷകൾ ഈ സമയപരിധിക്കുള്ളിൽ തന്നെ തീർപ്പുകൽപ്പിക്കുന്നുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയേയും പ്രസ്തുത ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നു എന്ന രീതിയിൽ പത്രമാധ്യമങ്ങളിൽ വന്ന തെറ്റായ വാർത്തയുടെ അടിസ്ഥാനത്തിലാണ് ഈ വിശദീകരണകുറിപ്പ്.

**ഒപ്പ്/-**
**മെമ്പർ സെക്രട്ടറി**
**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

തീയതി: 12/12/2019